ശ്രീ. പി. പി. ഉമ്മർകോയ: നാഷനൽ ഹൈവേയുടെ മെയിൻറനൻസിൻറെ മുഴുവൻ ചെലവും വഹിക്കുന്നതു് കേന്ദ്ര ഗവണ്മെൻറായതുകൊണ്ടു് ഈ പ്രശ്നം വരുന്നില്ല.

ശ്രീ. കെ. മാധവൻ: നമ്മുടെ സംസ്ഥാനം വളരെ ചെറിയ സംസ്ഥാനമായതുകൊണ്ടു് നാഷണൽ ഹൈവേയുടെ നീളം കുറയും. അതുകൂടി പരിഗണിച്ചുകൊണ്ടു കൂടുതൽ അലോട്ടുമെൻറു ആവശ്യപ്പെടരുതോ?

ശ്രീ. പി. പി. ഉമ്മർകോയ: സെൻട്രൽ റോഡു് ഫണ്ടു് ഒരു പ്രത്യേക ഫണ്ടാണു്. മോട്ടോർ സ്പിരിറിനുള്ള എക്സ്ടാഡ്യൂട്ടിയിൽനിന്നു ഓരോ സ്റ്റേറിനും വീതിച്ചുകൊടുക്കുന്ന ഫണ്ടാണിതു്. കേന്ദ്ര ഗവണ്മെൻറു അംഗീകരിക്കുന്ന വർക്കുകൾക്കാണു് ഈ ഫണ്ടുപയോഗിക്കുന്നതു്.

റീജിയണൽ നിലവാരത്തിലുള്ള ഭരണമേധാവികളും ആഫീസുകളും.

* 842. [13] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറുനിലവാരത്തിനും ജില്ലാ നിലവാരത്തിനും മദ്ധ്യേ റീജിയണൽ നിലവാരത്തിൽ ഭരണമേധാവികളും ആഫീസുകളും ഇന്നു് എത്ര വകുപ്പുകളിൽ ഉണ്ടു് ; അവ ഏതെല്ലാം ;

(ബി) ചെലവുചുരുക്കൽ പരിപാടിയുടെ ഒരു ഭാഗമായി റീജിയണൽ ആഫീസുകൾ നിറുത്തലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) റീജിയണൽ ആഫീസുകൾ നിർത്തലാക്കുന്നതിൻറെ ഫലമായി ഉണ്ടാകാവുന്ന ചെലവുകുറവു് എത്രയാണെന്നു കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 15 വകുപ്പുകളിൽ: (1) പഞ്ചായത്തു്, (2) പോലീസു്, (3) ഫയർഫോഴ്സു്, (4) ലോക്കൽ ഫണ്ടു്, (5) പി. ഡബ്ലിയു. ഡി. (6) വിദ്യാഭ്യാസം, (7) ഇൻഡസ്ട്രീസു്, (8) കാർഷികാദായ നികുതിയും വില്പനനികുതിയും, (9) പബ്ലിക് ഹെൽത്തു് എൻജിനീയറിംഗു്, (10) ലേബർ, (11) ഇൻസ്പെക്ടറേറു ഓഫ് ഫാക്ടറീസു് ആൻഡു് ബായിലേഴ്സു്, (12) എംപ്ലോയ്മെൻറു്, (13) അഗ്രിക്കൾച്ചർ, (14) ഫിഷറീസു്, (15) ഫാറസ്റ്റു്.

(ബി) ഫിഷറീസു് ഡിപ്പാർട്ടുമെൻറിൻറെ കാര്യത്തിൽ മാത്രം ഇപ്പോൾ ഗവണ്മെൻറു പരിശോധിച്ചുവരുന്നുണ്ടു്. മറ്റു ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിൽ, ഭരണച്ചെലവു കുറയ്ക്കുന്നതിനു് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയുക്തനായിട്ടുള്ള സ്പെഷ്യൽ ആഫീസർ ഇക്കാര്യവും പരിഗണിക്കാനിടയുണ്ടു്.

(സി) ഇല്ല, ഉദിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻറെ കാര്യത്തെക്കുറിച്ചു് ഈ സഭയിൽ തന്നെ പരാമർശം ഉണ്ടായി. ഗവണ്മെൻറു് അതിനെപ്പറ്റി എന്തൊക്കെയോ ചെയ്തിട്ടുണ്ടെന്നു കേട്ടു. ആ പ്രശ്നം ഇപ്പോൾ ഏതു നിലയിലിരിക്കുന്നു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കൃത്യമായി പറയാൻ നിവൃത്തിയില്ല. അതും, സ്പെഷ്യലാഫീസറുടെ റിപ്പോർട്ടു കിട്ടിയതിനു ശേഷമേ അവസാനമായി തീരുമാനമെടുക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : 1960–ൽ ഈ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം, എത്ര ഡിപ്പാർട്ടുമെൻറുകളിൽ റീജിയണൽ ആഫീസർമാരെ നിയമിച്ചു, പുതുതായി എത്ര ഏർപ്പെടുത്തി ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു സംബന്ധിച്ച വിവരം ഇപ്പോൾ കൈവശമില്ല.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദ് : റീജിയണൽ നിലവാരത്തിൽ, വിദ്യാഭ്യാസവകുപ്പു മേധാവികൾക്കു, സ്റ്റേറ്റുനിലവാരത്തിലുള്ള ഭരണമേധാവികളുടെ ചില അധികാരങ്ങൾ ഡലിഗേറ്റുചെയ്തു കൊടുത്തിട്ടുണ്ട്. പക്ഷേ അവർക്ക് ആ അധികാരങ്ങൾ നടപ്പിൽവരുത്താനുള്ള ഒരു പരിതഃസ്ഥിതി ഇന്നില്ലെന്നു ഗവണ്മെൻറിനറിയാമോ ? അതിനു പരിഹാരം ഉണ്ടാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. ചാക്കോ : വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ റീജിയണൽ ആഫീസർമാരെ നിയമിച്ചിട്ട് വളരെ കുറച്ചു കാലമേ ആയിട്ടുള്ളൂ. ഒരു പരീക്ഷണഘട്ടം എന്ന നിലയ്ക്കു അല്പകാലത്തേക്കെങ്കിലും ഈ ഉദ്യോഗങ്ങൾ നിറുത്തലാക്കാതിരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിനെപ്പറ്റി ഈ സഭയിൽ തന്നെ രണ്ട് അഭിപ്രായഗതികൾ ഉണ്ടായിട്ടുണ്ട്. എല്ലാ കാര്യങ്ങളും ആലോചിച്ചതിനു ശേഷമേ അവസാന തീരുമാനം എടുക്കുകയുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഡിസ്ട്രിക്റ്റു നിലവാരത്തിൽ കൂടുതൽ അധികാരം കൊടുത്തു, അധികാരവികേന്ദ്രീകരണം നടപ്പാക്കാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് റീജിയണൽ നിലവാരത്തിലുള്ള ആഫീസുകൾ നിറുത്തലാക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വക കാര്യങ്ങൾ സ്പെഷ്യൽ ആഫീസർ പരിശോധിച്ചു വരികയാണ്. ചില ഡിപ്പാർട്ടുമെൻറിൻെറ റീജിയണൽ ആഫീസുകൾ നിറുത്തലാക്കാൻ നിശ്ചയിച്ചിട്ടുണ്ട്.

പഞ്ചായത്തു കമ്മിറ്റികൾ.

* 483. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ പഞ്ചായത്തു കമ്മിറ്റികൾ എന്നാണ് പിരിച്ചുവിട്ടത് ;

(ബി) പഞ്ചായത്ത് കമ്മിറ്റികൾ പിരിച്ചുവിട്ടതിനുശേഷം എന്തെങ്കിലും പൊതുമരാമത്തു വേലകൾ പഞ്ചായത്തുകളിൽ നടന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവയ്ക്കുവേണ്ടി ചെലവായ തുകയെത്ര ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 1-1-1963-ൽ.

(ബി) ഉണ്ട്.

(സി) കിട്ടിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ആറു ജില്ലകളിൽ ചെലവായ തുകയുടെ വിവരങ്ങൾ അടങ്ങിയലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. † ബാക്കി പഞ്ചായത്തുകളുടെ വിവരങ്ങൾ ശേഖരിക്കുന്നതേയുള്ളൂ.

ശ്രീ. എം. സി. ഏബ്രഹാം : കിട്ടിയിട്ടുള്ള ലിസ്റ്റിൽ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകൾ ഒന്നും ചെല

† Appendix II

LIBRARY ARCHIVES Kerala Legislative Assembly